# പരിസ്ഥിതി സെമിനാറും
# ചലച്ചിത്ര പ്രദർശനവും

## 6-12-86 ന്
## ശനിയാഴ്ച
## നായ്ക്കട്ടിയിൽ

---

വയനാട് പ്രകൃതി സംരക്ഷണസമിതി ഇന്ത്യാ ഗവർമ്മെൻറ് ഫീൽഡ് പബ്ളിസിററി വിഭാഗം, വയനാട്ട് വന്യജീവിസംരക്ഷണ വിഭാഗം എന്നിവയുടെ സഹകരണത്തോടെ

---

**എപ്പിക് ലൈബ്രറി**
**നായ്ക്കട്ടി**
സംഘടിപ്പിക്കുന്നു.

സ്വന്തം പരിസ്ഥിതിയെ വിവേക രഹിതമായി നശിപ്പിക്കുന്ന ഭൂമുഖത്തെ ഏകജീവിയാകുന്ന മനുഷ്യൻ. ശാസ്ത്രത്തിന്റെയും സാങ്കേതിക വിദ്യയുടെയും കണ്ണഞ്ചിക്കുന്ന മുന്നേററം അവനെ അഹന്താലുവാക്കി. പ്രകൃതിയെ താൻകീഴടക്കിയെന്ന് അവനെന്നും അഹങ്കരിച്ചിരുന്നു. എന്നാൽ പ്രകൃതി ഓരോതവണയും തന്റെ മേൽനടത്തുന്ന ബലാൽക്കാരങ്ങൾക്ക് അതിക്രൂരമായി തന്നെ തിരിച്ചടികൾ നൽകിയിട്ടുണ്ട്. വെള്ളപ്പൊക്കത്തിന്റെയും ഉരുൾപൊട്ടലിന്റെയും, വരൾച്ചയുടെയും മരുവൽക്കരണത്തിന്റേതുമായ ഒരു മുടിഞ്ഞ കാലഘട്ടത്തിലൂടെ നാം കടന്നു പോവുകയാണ്. അമോണിയം ചേർത്ത മീനും, മലാത്തിയോൺ കുത്തിവച്ച പച്ചക്കറികളും, അണുധൂളികൾ നിറഞ്ഞ ആകാശവും, മലിനീകരിക്കപ്പെട്ട അന്തരീക്ഷവുമായി കുടിവെള്ളം കിട്ടാതെ ഇനിയെത്രനാൾക്കൂടി? സുഹൃത്തെ, നമ്മുടെ പ്രിയപ്പെട്ടഭൂമി........ ജീവന്നുതന്നെ ആധാരമായ മണ്ണ് മരിച്ചുകൊണ്ടിരിക്കുകയാണ്, എല്ലാററിനും ഉത്തരവാദി മനുഷ്യനാകുന്നു. ഒരു ജീവിവർഗ്ഗമെന്നനിലയിൽ ഭൂമിയിൽ നിലനിൽക്കാൻ മനുഷ്യന് സാദ്ധ്യമാണോ? ധാർമ്മികമായി അതിനവന് അവകാശമുണ്ടോ? ഉള്ളുപൊള്ളുന്ന വിചാരങ്ങളും അന്വേഷണങ്ങളും.

# സെമിനാർ

'പരിസ്ഥിതിയും മനുഷ്യന്റെ ഭാവിയും'

വിഷയാവതരണം: **P. K. ഉത്തമൻ**

പങ്കെടുക്കുന്നവർ **M. ഗംഗാധരൻ**

**അദ്ധ്യ: C. C. മാത്യു** (വയനാട്
പ്രകൃതിസംരക്ഷണ സമിതി പ്രസിഡണ്ട്)

**T. മോഹൻബാബു** (പഴശ്ശിരാജാ
കോളേജ് പ്രിൻസിപ്പാൾ)

**K. V. ജനാർദ്ദനൻ** (ശാസ്ത്ര
സാഹിത്യ പരിഷത്ത്

സ്ഥലം: നായ്ക്കട്ടിമദ്രസാ സ്കൂൾ ഹാൾ

സമയം: ഉച്ചക്ക് 2മണി

# ചലച്ചിത്ര പ്രദർശനം

വന്യജീവികളെക്കുറിച്ച് ഇന്ത്യക്കകത്തും
വിദേശത്തും നിർമ്മിച്ച പ്രശസ്തചിത്രങ്ങൾ

സ്ഥലം: വോളിബോൾ ഗ്രൗണ്ട്

സമയം: വൈകുന്നേരം 6.30

സെക്രട്ടറി

**എപ്പിക് ലൈബ്രറി**

നായ്ക്കട്ടി.